# പതിനാലാം കേരള നിയമസഭ

# പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2212** — **11/03/2020-ൽ മറുപടിക്ക്**

## മാവേലിക്കര മണ്ഡലത്തിലെ വൈദ്യുതി ലൈനുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

| | ചോദ്യം<br><br>**ശ്രീ.ആർ. രാജേഷ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിലെ വൈദ്യുതി ലൈനുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ)<br>&<br>(ബി) | കേരളസർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും വിതരണ ശൃംഖല ആധുനികവത്കരിക്കാനും നടത്തുന്ന ദ്യുതി 2021 ൽ, 2018 മുതൽ 2022 വരെ നടപ്പിലാക്കാനായി എച്ച്. ടി ശൃംഖല ശക്തിപ്പെടുത്തുന്നതിന് 1749 ലക്ഷം രൂപയുടെ പ്രവൃത്തികളും എൽ.ടി വിതരണ ലൈനുകൾ മെച്ചപ്പെടുത്തുന്നതിന് 958 ലക്ഷം രൂപയുടെ പ്രവൃത്തികളും, കൂടാതെ ദ്യുതി പ്രവൃത്തികളും, അപ് ഗ്രഡേഷൻ പ്രവൃത്തികളും ഉൾപ്പെടെ ആകെ 2859 ലക്ഷം രൂപയുടെ പ്രവൃത്തികൾ മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>മാവേലിക്കര നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ LT /HT ലൈനുകളുടെ താഴെ പറയുന്ന പുനരുദ്ധാരണ/ നിർമ്മാണ പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ? | | |

| **പ്രവൃത്തിയുടെ പേര്** | **യൂണിറ്റ് (കി മി)** | **ചെലവായ തുക രൂപയിൽ** |
|---|---|---|
| എച്ച്.ടി ഓവർ ഹെഡ് ലൈനിന്റെ നിർമ്മാണം | 35.632 | 1,14,95,772/- |

| | | |
|---|---|---|
| എച്ച്. ടി ഭൂഗർഭ കേബിളിന്റെ നിർമ്മാണം | 3.93 | 67,69,879/- |
| എൽ . ടി ഓവർ ഹെഡ് ലൈനിന്റെ നിർമ്മാണം | 2.45 | 6,06,089/- |
| എ. ബി .സി ഉപയോഗിച്ച് എൽ .ടി ലൈനിന്റെ നിർമ്മാണം | 0.2 | 1,78,831/- |
| സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റിയ പ്രവൃത്തി | 38.56 | 1,10,52,196/- |
| എച്ച്. ടി ഓവർ ഹെഡ് ലൈൻ മാറ്റി എ.ബി.സി. ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി | 1.8 | 26,63,508/- |
| എൽ . ടി ലൈൻ റീ കണ്ടക്ടറിംഗ് | 162.796 | 69,52,368/- |
| **ആകെ** | | **3,97,18,643/-** |

ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെട്ട, ലൈനുകളുടെ അപ്ഗ്രഡേഷൻ ഉൾപ്പെടെയുള്ള ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ